# അക്കാദമിക മാസ്റ്റർ പ്ലാൻ



വെങ്ങളം എ. യു.പി. സ്കൂൾ

2025 - 26

# ആമുഖം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി വിദ്യാലയത്തിൽ സമഗ്ര വിദ്യാലയ വികസന രേഖ അനിവാര്യമാണ്. ഹ്രസ്വകാല ദീർഘകാല പരിപ്രേക്ഷ്യത്തിൽ ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഇതത്യാവശ്യമാണ്. ഉയർന്ന അക്കാദമിക നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും, ശേഷികളും, വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയത്തെ വളർത്തുന്നതിനുമാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

- മുഴുവൻ കുട്ടികളും അവർ ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും, നൈപുണികളും അവരുടെ പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും എല്ലാമേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവ് പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക
പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ

കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതി-
യുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക.

പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആക്കുന്നതോടൊപ്പം ഉൾച്ചേർന്ന വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക കൂടി ലക്ഷ്യമിടുന്നു.

കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

ലഹരി ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിനായുള്ള ഇടപെടലുകൾ നടത്തും.

'വിദ്യാലയം തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുകയും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

പ്രസക്തി

2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മാ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയ പ്രക്രിയയിലും മാറ്റങ്ങൾ ഇതിനകം വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതിക്കായി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ 22/3/25 ൽ ഉത്തരവായിട്ടുണ്ട്. സ്കൂൾ വർഷാരംഭത്തിൽ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ, സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്നിവയുടെ പൊതുമാർഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. ഇതിലൂടെ കുട്ടികളിൽ വികസിക്കേണ്ട ധാരണകൾ പഠനപ്രവർത്തനങ്ങളിൽ ഉൾച്ചേർത്ത് എങ്ങനെയെല്ലാം വികസിക്കാമെന്നതും പ്രധാനമാണ്. ഇക്കാര്യങ്ങളെല്ലാം അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായി

മാറേണ്ടതുണ്ട്.

അങ്ങനെ വികസിപ്പിക്കുമ്പോൾ പരിഗണിക്കേണ്ട നിർദ്ദേശങ്ങളാണ് ഈ മാർഗ്ഗരേഖയുടെ ഭാഗമായുള്ളത്. ഈ രേഖയെ ഒരു മികച്ച പഠനാന്തരവമാക്കി മാറ്റുന്നതിനും അതിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനും ഇപ്പോൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ ഘടനയിലും ഉള്ളടക്കത്തിലും ചില മെച്ചപ്പെടുത്തലുകൾ വരുത്തുന്നത് ഉചിതമാകും.

കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക-ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക ഘടക വികാസവേളകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിന്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്.

അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നു മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകത്തിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്വരങ്ങൾ സൃഷ്ടിക്കണം. ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : വേക്കളം എ.യു.പി. എസ്

മേൽവിലാസം : പെരുമ്പോടി
നിടുംപൊയിൽ പി.ഒ
കണ്ണൂർ

സ്കൂൾ കോഡ് : 14881

വിദ്യാഭ്യാസ ഉപജില്ല : ഇരിട്ടി

വിദ്യാഭ്യാസ ജില്ല : തലശ്ശേരി

റവന്യൂ ജില്ല :

ബി. ആർ. സി : ഇരിട്ടി

സി. ആർ. സി :

ഗ്രാമപഞ്ചായത്ത് : കോളയാട്

ബ്ലോക്ക് പഞ്ചായത്ത് : പേരാവൂര്

ജില്ലാ പഞ്ചായത്ത് : കണ്ണൂർ

നിയമസഭാ മണ്ഡലം : മട്ടന്നൂർ

ലോകസഭാ മണ്ഡലം : കണ്ണൂർ

താലൂക്ക് : തലശ്ശേരി

വില്ലേജ് : വേക്കളം

ഇ-മെയിൽ വിലാസം : vekkalamaups@gmail.com

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ്

3. വായനയെ ഒരു ലഹരിയാക്കി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

4. പാഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ താത്പര്യം മുൻനിർത്തി പരിശീലനവും പ്രോത്സാഹനവും നൽകുന്നു.

5. സയൻസ് ലാബ്, കമ്പ്യൂട്ടർലാബ്, ലൈബ്രറി തുടങ്ങിയവ ആധുനികവത്കരിക്കും.

6. ഒന്നാം ക്ലാസ്മുതൽ 4ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.

7. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവു നിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

8. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

9. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ യ്ക്കെതിരെ മുൻകരുതൽ

10. മാലിന്യ മുക്ത വിദ്യാലയം ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

11. പോക്സോ സംബന്ധമായ ബോധവത്ക്കരണം.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം.<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം. | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്. |
| • കലാപഠനം, പ്രവൃത്തിപരിചയ പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തക കുട്ടികളുടെ എണ്ണം കുറവാണ്. |
| • പ്രത്യേക പരിഗണനയും പിന്തുണയും ആവശ്യമുള്ളവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.<br>• സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | • ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് പൂർണമായും ക്ലാസ്സും പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. |
| • കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യങ്ങൾ എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ | • IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |

വിഷയം - ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം, സംവാദം...) അവസരമൊരുക്കുക.

3. സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക

4. ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും

5. സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക

പ്രവർത്തനങ്ങൾ (ഉദാഹരണം)

- ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ അവസരമൊരുക്കുക.

1. ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ നൽകുക. (ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ)

2. ഇംഗ്ലീഷ് തിയേറ്റർ, റോൾപ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക. (കുട്ടികളുടെ മനോഭാവ വികാസത്തിനുള്ള പ്രവർത്തനങ്ങളുമാകാം. ഭാഷാവികാസത്തോടൊപ്പം ലഹരിക്കെതിരായ മനോഭാവം ഉളവാക്കുകയും ചെയ്യും.)

3. ഇംഗ്ലീഷ് സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസരം നൽകുക.

4. ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ക്രമീകരിച്ചുപ്പെടുത്തുക.

• ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക.

1. ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ. എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.

2. ഇംഗ്ലീഷിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക.

3. ഇംഗ്ലീഷ്, പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

• ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക.

1. ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക.

2. ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

3. ഇംഗ്ലീഷ് സാഹിത്യ ശില്പശാലകൾ നടത്തുക.

• സാങ്കേതിക വിദ്യയുടെ ഉപയോഗം

1. ഇംഗ്ലീഷ് ഭാഷാവികാസത്തിനായി സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

വിഷയം : ശാസ്ത്രം

ലക്ഷ്യങ്ങൾ

* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
* ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. അധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
* ഇതിന് ഉതകുംവിധം ആധുനികസൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.
* ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ

ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്രജേർണലുകൾ പരിചയപ്പെടൽ, ശാസ്ത്രലാബ്-ലഘുപരീക്ഷണമൂല, ശാസ്ത്രോപകരണനിർമ്മാണം, ശാസ്ത്രമാഗസിൻ, ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ

* പ്രകൃതിപഠനയാത്രകൾ
* ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ.
* കുടിവെള്ളസംരക്ഷണ പ്രവർത്തനങ്ങൾ കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തൽ
* വിവിധതരം കമ്പോസ്റ്റിന്റ് സാധ്യതകൾ പരീക്ഷിക്കൽ, ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ
* പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ.
* ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ശുചിത്വത്തിനായുള്ള വിദ്യാർത്ഥികളുടെ നിയമാവലി തയ്യാറാക്കൽ, അതിനെ പ്രയോജനപ്പെടുത്തൽ.
* ലഹരിവിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ, ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ.
*

വിഷയം : സാമൂഹ്യശാസ്ത്രം

ലക്ഷ്യങ്ങൾ

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
3. സമൂഹ ചലനത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക.
4. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

- സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരമാക്കി മാറ്റൽ.
- ലഹരിവിരുദ്ധ പ്രവർത്തനം
- വ്യത്യസ്ത ദിനാചരണങ്ങൾ
- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചകൾ, അഭിമുഖം

- പ്രാദേശിക ചരിത്രരചന, ചരിത്രവസ്തുതകൾ രേഖപ്പെടുത്താൻ പരിശീലിക്കൽ ചരിത്രാന്വേഷണയാത്രകൾ
- പഠനയാത്രകൾ
- പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചർച്ചകൾ
- അസമത്വം, ലിംഗപദവി, സാമൂഹിക നീതി, അധിനിവേശം ബാലവേല, പട്ടിണി, ചൂഷണം തുടങ്ങിയ സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് അറിയാനും നിലപാടുകൾ കൈക്കൊള്ളാനുമുള്ള കഴിവ് ആർജ്ജിക്കൽ.
- ബോധവത്കരണ പ്രവർത്തനങ്ങൾ, സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട മാസികകൾ തയ്യാറാക്കൽ.
- ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- പ്രാദേശിക ഭൂപടം തയ്യാറാക്കൽ
- പഠനോപാധികളുടെ നിർമ്മാണം.

## വിഷയം : മലയാളം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
- മികച്ച വായനാശീലം വളർത്തുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.

### പ്രവർത്തനങ്ങൾ

- എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറികൾ ഒരുക്കുന്നു.
- പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.
- ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന
- ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു.

- ക്ലാസ്തല പതിപ്പുനിർമ്മാണം
- വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ
- 'വായനാ' പരിപാടി. ഒരുകുട്ടി ഒരുദിനം ഒരുപുസ്തകം പരിചയപ്പെടുത്തുന്നു.
- കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ
- പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- പാഠരംഗ് സംഘടിപ്പിക്കൽ
- റീഡേഴ്സ് തിയേറ്റർ
- ദിനാചരണങ്ങൾ നടത്തുന്നു.
- സാഹിത്യ രചനോത്സവം നടത്തുന്നു.
- സാഹിത്യകാരൻമാരുമായി സംവദിക്കൽ
- സാഹിത്യക്വിസ്സ് സംഘടിപ്പിക്കൽ.

# ഗണിതം

## ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
5. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
6. കുട്ടികളെ സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാന ദേശീയ തലത്തിലുള്ള മത്സരങ്ങൾക്ക് പ്രാപ്തരാക്കുക
7. ഗണിതം ആസ്വദിക്കുന്നു.

## പ്രവർത്തനങ്ങൾ

1. ചിത്രങ്ങളും, വസ്തുക്കളും നൽകി എണ്ണം പറയൽ

- ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു
- സംഖ്യകൾ തുടർച്ചയായി എണ്ണുന്നു.
- മഞ്ചാടിക്കുരു ഉപയോഗിച്ച് ഒറ്റയോ ഇരട്ടയോ കളി
- അബാക്കസ്
- ഗ്രൂപ്പുകളിൽ സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ, വസ്തുക്കൾ ഒട്ടിക്കുന്നു / എണ്ണിയെടുക്കുന്നു.
- സംഖ്യാഗാനങ്ങൾ

2. സംഖ്യകൾ തുടർച്ചയായി പറയുന്നു/എഴുതുന്നു
- സംഖ്യകളെ ഒറ്റ/ഇരട്ട - തരംതിരിക്കുന്നു. എഴുതുന്നു
- അക്കത്തിലും അക്ഷരത്തിലും എഴുതുന്നു (സംഖ്യാകാർഡ്)
- പാറ്റേണുകൾ (വിവിധതരം) പൂർത്തിയാക്കുന്നു.

3. വലുതേത്? ചെറുതേത് (കളി)

4. <, >, + എന്നീ ചിഹ്നങ്ങൾ ഉപയോഗിച്ചെഴുതുന്നു
- സംഖ്യകളെ ആരോഹണക്രമത്തിലും അവരോഹ-ണക്രമത്തിലും എഴുതുന്നു.
- സംഖ്യാകാർഡുകൾ പിടിച്ച കുട്ടികളെ ആരോഹണ/അവരോഹണ ക്രമത്തിൽ നിർത്തുന്നു. (കളി)

5. പിരിച്ചെഴുതാം, കൂട്ടങ്ങളാക്കാം
- പൂരിപ്പിക്കുക.
- ~~സംഖ്യാ~~സൂര്യൻ

6. സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
- സംഖ്യകളെ സ്ഥാനവില ചാർട്ടിൽ എഴുതുന്നു.
- ഗ്രൂപ്പ് തിരിഞ്ഞ് കളി (1. ഗ്രൂപ്പ് സംഖ്യാകാർഡ് 2. വായന 3. സ്ഥാനവില ചാർട്ട്/അബാക്കസ് ക്രമീകരിക്കൽ)
- സംഖ്യയെഴുതാം (4 ഒന്നുകൾ, 3 ആയിരങ്ങൾ)

7. സംഖ്യകളെ കൂട്ടങ്ങളായി തിരിക്കുന്നു (ഒന്നുകൾ, പത്തുകൾ, നൂറുകൾ)
- സംഖ്യാ വ്യാഖ്യാനം വ്യത്യസ്ത രീതിയിൽ
- പദസൂര്യൻ
- കളിനോട്ടുകൾ ഉപയോഗിച്ച് കളിക്കുന്നു (1, 10, 100, 1000)

8. ഗ്രൂപ്പിലെ സംഖ്യകളെ ആരോഹണ/അവരോഹണ ക്രമത്തിൽ ക്രമീകരിക്കുന്നു.

- സംഖ്യാകളി (ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം കണ്ടെത്തി എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആരോഹണ/അവരോഹണ ക്രമത്തിൽ ക്രമീകരിക്കുന്നു.
- ജനസംഖ്യ താരതമ്യം ചെയ്യലും ക്രമീകരിക്കലും (വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാനം)

9. അയൽക്കാരെ കണ്ടെത്താം.

- പൂരിപ്പിക്കാം.

10. പാറ്റേണുകൾ കണ്ടെത്താം, പൂർത്തിയാക്കാം.

- ഐ.സി.ടി
- വിവിധ സംഖ്യാശ്രേണികൾ പരിചയപ്പെടുന്നു/കണ്ടെത്തുന്നു.

11. ആകെ എത്ര? മനഃക്കണക്ക് ഊഹിച്ചെഴുതാം.

- വാരിയെടുക്കാം; കൂട്ടിനോക്കാം.
- സംഖ്യാകാർഡുകൾ അടങ്ങുന്ന പെട്ടികൾ ഉപയോഗിച്ച് കളികൾ
- പൂരിപ്പിക്കാം - ലോക്കറ്റിലെ സംഖ്യ
- തുകയെത്ര? സംഖ്യാമാല, സംഖ്യാപിരമിഡ്
- റൊട്ടേഷൻ ഡിസ്ക്
- മാന്ത്രിക ചക്രം, മാന്ത്രികചതുരം, മാന്ത്രിക നക്ഷത്രം, മാന്ത്രിക ത്രികോണം.

12. ബാക്കി എത്ര?

- പൂരിപ്പിക്കാം, ഊഹിച്ചെഴുതാം
- മുകളിലെ സംഖ്യയേത്, പാറ്റേണുകൾ
- സംഖ്യാമാല, സംഖ്യാ പിരമിഡ്.

13. ക്രിയ ചെയ്യാം - ഉത്തരം കണ്ടെത്താം.

- വഴിയെഴുതി ക്രിയ ചെയ്യാം.

- മന: കണക്ക്
- എളുപ്പവഴിയിൽ ക്രിയ ചെയ്യാം.

14. മാന്ത്രിക ചതുര നിർമാണം.
- ഏണിയും പാമ്പും
- ഡൈസ് കളി
- ഐ.സി.ടി
- ലൂഡോ, പസിൽസ്, ഗെയിംസ്

15. മഞ്ചാടിക്കുരു ഉപയോഗിച്ച് ഗണനവസ്തുക്കൾ ക്രമീകരിക്കൽ.
- പട്ടിക തയ്യാറാക്കാം, ഗ്രൂപ്പ് കളി
- ക്രിയ ചെയ്യാം - പങ്കരിച്ചിക്കാം.
- ഐ.സി.ടി.
- മന: കണക്ക്, ക്വിസ്, ഊഹിച്ചു പറയാം.

16. ക്രിയ ചെയ്യാം - ഉത്തരം കണ്ടെത്താം.
- പ്രായോഗിക പ്രശ്ന നിർദ്ധാരണം.
- വഴിയെഴുതി ഉത്തരം കണ്ടെത്തൽ
- പദപ്രശ്നം, ക്വിസ്

20. തുടർന്നു വരുന്ന സംഖ്യകൾ എഴുതുക
- പാറ്റേണുകൾ കണ്ടെത്താം (ചതുഷ്ക്രിയകൾ)
- ഫിബൊനാച്ചി സീരിസ്

21. മാന്ത്രിക ചതുരം പൂർത്തിയാക്കാം. മാന്ത്രികസംഖ്യ കണ്ടെത്താം.
- സുഡോക്കോ, പദസൂര്യൻ, പദവേഷം
- പാറ്റേണുകൾ, പസിൽസ്, ഗെയിംസ്.

22. ത്രികോണം, ചതുരം, സമചതുരം, വൃത്തം, പഞ്ചഭുജം, ഷഡ്ഭുജം, സാമാന്തരികം, ലംബകം ഇവ വിവിധ ക്ലാസ്സുകളിലായി വരയ്ക്കുന്നു.

- അനുയോജ്യമായ ഉപകരണങ്ങൾ വേണ്ടവിധം ഉപയോ-
ഗിക്കൽ
- ഉപകരണങ്ങളുടെ നിർമാണം ഗണിത ലാബിൽ
- വിവിധ ജ്യാമിതീയ രൂപങ്ങൾ, ചിത്രങ്ങൾ, ഗണിത
ചാർട്ടുകളും ഇവ നിർമിക്കലും ആകർഷകമാക്കലും
- അസൈൻമെന്റ്, പസിലുകൾ, ഒറിഗാമി
- പ്രോജക്ട്, ലൈബ്രറി, ചുമർമാസിക നിർമാണം.
- സെമിനാർ, മാഗസിൻ നിർമാണം.
- ക്വിസ്, ടാൻഗ്രാം നിർമാണം.

23. നീളം, ഭാരം, ഉള്ളളവ്, വിസ്തീർണം, ചുറ്റളവ്,
വ്യാപ്തം, എന്നിവയുമായി ബന്ധപ്പെട്ട ക്രിയകൾ
- കാലങ്ങളിലും ഉപയോഗിച്ചിരിക്കുന്ന പഴയ അള-
വുകളും പുതിയ അളവുകളും - സെമിനാർ
- നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രശ്നനിർധാ-
രണം നടത്തുന്നു.
- ക്വിസ്, ഐ.സി.ടി. സാധ്യതകൾ
- ഗണിത ലൈബ്രറി
- ഗണിത ലാബിൽ സ്വന്തമായി പ്രവർത്തനങ്ങൾ
ചെയ്യൽ
- കൊളാഷ് നിർമാണം (മീറ്റർ സ്കെയിൽ)
- ഗണിതമേള ഒരുക്കൽ (ക്ലാസ്സ് ലെവൽ)
- ഒരു ലിറ്റർ അളവുപാത്ര നിർമാണം.
- ചുമർമാസിക നിർമാണം.
- പസിലുകൾ, ഗണിതപ്പാട്ടുകൾ

24. ഗണിത ശതമാനം കണ്ടെത്തൽ
- സംഖ്യ കണ്ടെത്താം.
- താരതമ്യം ചെയ്യൽ

- പലിശ കണ്ടെത്തൽ
- തിരിച്ചടക്കേണ്ട തുക കണ്ടെത്തൽ
- മുതൽ കണ്ടെത്തൽ, ശരാശരിയുമായി ബന്ധപ്പെട്ട
  പ്രായോഗിക പ്രശ്നപരിഹാരണം.
- ഡിസ്കൗണ്ട് കണ്ടെത്തൽ, വിറ്റവില കാണാം.
- ഡിസ്കൗണ്ട് ശതമാനം കണ്ടെത്തൽ

25. വേഗത, സമയം, ദൂരം ഇവ തമ്മിലുള്ള
  ബന്ധം കണ്ടെത്തൽ
- യൂണിറ്റ് അറിയൽ, യൂണിറ്റുകൾ പരസ്പരം
  മാറ്റം (Km/h-m/s)
- പ്രായോഗിക പ്രശ്നനിർധാരണം
- ക്വിസ്

26. ഗണിത ശാസ്ത്രജ്ഞൻ - സെമിനാർ
- ജീവചരിത്രക്കുറിപ്പ് - ചിത്രങ്ങൾ
- ദിനാചരണങ്ങൾ, ക്ലാസ്സ് കലണ്ടർ (ശാസ്ത്രജ്ഞ-
  ന്മാരുടെ ജന്മദിനം)
- സ്കൂൾ അലങ്കരിക്കൽ

27. ഗണിതപ്പാട്ടുകൾ, കഥകൾ, നാടകങ്ങൾ
- ചതുർമാസിക, കൊളാഷ്, ഗണിതമാഗസിൻ
- Q.T-ബോക്സ്, ഗണിതപ്പൂക്കളം
- ക്വിസ്, സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- ടാൻഗ്രാം, ഒറിഗാമി, മാന്ത്രിക ചതുരം, നിർമാണം.
- പസിലുകൾ, ഗെയിമുകൾ

വിഷയം : ഹിന്ദി

ലക്ഷ്യങ്ങൾ

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
2. ഹിന്ദിയിലൂടെയുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
3. സ്വതന്ത്രവായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക.
4. ഹിന്ദിസാഹിത്യം ആസ്വദിക്കുന്നത് അവസരമൊരുക്കുക.
5. ഹിന്ദി പഠനത്തിനുള്ള പുതു തന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക.
6. സാങ്കേതികവിദ്യാ സാധ്യതകൾ ഹിന്ദി ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുകയും മുഴുവൻ കുട്ടികളെയും ഹിന്ദി കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുകയും ചെയ്യുക.

മേൽ കൊടുത്ത ലക്ഷ്യങ്ങൾ നിറവേറ്റാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

പ്രവർത്തനങ്ങൾ

- ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ ആശയവിനിമയം നടത്താൻ അവസരമൊരുക്കുക.
  ഹിന്ദി സംസാരിക്കാൻ അവസരങ്ങൾ നൽകുക.
  (ദൈനംദിന ക്ലാസ്റൂം സന്ദർഭങ്ങൾ, ഗ്രൂപ്പ് ചർച്ച)

1. ഹിന്ദി തിയേറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക.
2. ഹിന്ദി സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസര നൽകുക.

3. ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

- ഹിന്ദി വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക.

1. ഹിന്ദി പുസ്തകങ്ങൾ, മാസികകൾ, എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
2. ഹിന്ദിയിൽ സർഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക.
3. ഹിന്ദി പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

- ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക.

1. ഹിന്ദി സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക.
2. ഹിന്ദി ഫെസ്റ്റ്, ഹിന്ദി ദിൻ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
3. ഹിന്ദി സാഹിത്യശില്പശാല നടത്തുക.

- സാങ്കേതിക വിദ്യയുടെ ഉപയോഗം

ഹിന്ദി ഭാഷാവികസനത്തിനായി സാങ്കേതിക വിദ്യാസാധ്യതകൾ (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ, വീഡിയോ ഉറവിടങ്ങൾ) പ്രയോജനപ്പെടുത്തുക.

വിഷയം :- കലാവിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

4. ആധുനിക ശാസ്ത്ര- സാങ്കേതിക വിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

വിഷയം : ആരോഗ്യകായിക വിദ്യാഭ്യാസം.

ലക്ഷ്യങ്ങൾ.

* എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
* ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക.
* ആരോഗ്യ, കായികവിദ്യാഭ്യാസത്തിന് പ്രാദേശിക-ലിംഗ- വർഗ്ഗഭേദമന്യേ എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക.
* ക്യാംപസിനെ മാലിന്യമുക്തമാക്കൽ, ഹരിതാഭമാക്കൽ തുടങ്ങിയവയിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക.
* ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

. . . . . . . . .

- വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ തങ്ങളുടെ ഇഷ്ടമേഖല ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക.
- തൊഴിൽ മനോഭാവം, തൊഴിൽ അഭിമുഖ്യം തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ് തൊഴിൽ നൈപുണി നിർമ്മാണാത്മക കഴിവ് എന്നിവ വികസിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖല-കളായ കൃഷി, ഭക്ഷ്യ വ്യവസായം പാഴ്വസ്തു പരിപാലനം, മാധ്യമങ്ങളും വിനോദവും, ടൂറിസം, സാമ്പത്തിക സാക്ഷരത, ഫാഷൻ ഡിസൈൻ, കരകൗശലം, വസ്ത്രനിർമ്മാണം, ക്ലേ മോഡലിംഗ്, പെയിന്റിംഗ് എന്നിവ-യെ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചു കൊണ്ട് പഠനപ്രവർ-ത്തനങ്ങൾ അനുഭവവേദ്യമാക്കുക.
- പഠിതാക്കളുടെ നൈപുണി വികാസം വിലയിരുത്തു-കയും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

# സംസ്കൃതം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സംസ്കൃത ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.
- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ.
- സംസ്കൃത ദിനാചരണം, രാമായണമാസ ദിനാചരണങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം.
- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.
- സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- മൂല്യനിർണ്ണയം നടത്തി പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- പതിപ്പുകൾ നിർമ്മിക്കുക
- രചനാശില്പശാലകൾ സംഘടിപ്പിക്കുക.
- സംസ്കൃത ദിനാചരണം, വിവിധ സാഹിത്യ · ശാഖകളെ പരിചയപ്പെടുത്തൽ.

- രാമായണ മാസാചരണം, രാമായണ പ്രശ്നോത്തരി തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
- സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ
- കഥാരചന, കവിതാ രചന, ഉപന്യാസ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.
- സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, USS പരീക്ഷ തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം
- IT സാധ്യതകൾ ഉൾപ്പെടുത്തി സമഗ്രപോർട്ടൽ ഉപയോഗിച്ച് സാങ്കേതിക വിദ്യയുടെ സാധ്യതയെ പ്രയോജനപ്പെടുത്തി പ്രത്യേക ക്ലാസ്സുകൾ
- സംസ്കൃത അസംബ്ലി സംഘടിപ്പിക്കുക.
- സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം
- ഉപജില്ലാ കലോത്സവത്തിന് സംസ്കൃതോത്സവത്തിൽ പങ്കെടുക്കുവാൻ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ.

## ഉറുദു

- എല്ലാകുട്ടികൾക്കും ഉറുദു ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ.
- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.

## പ്രവർത്തനങ്ങൾ

- പതിപ്പുനിർമ്മാണം
- രചന ശില്പശാലകൾ സംഘടിപ്പിക്കൽ
- അക്ഷരവായന
- ചിത്രവായന
- വായന മത്സരം
- അക്ഷരകാർഡ് നിർമ്മാണം (ശില്പശാല)
- കഥാരചന, കവിതാ രചന, ഉപന്യാസ രചന തുടങ്ങിയ സംഘടിപ്പിക്കൽ

# ഉപസംഹാരം

സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ, മികവാർന്ന വിദ്യാലയത്തെ സൃഷ്ടിക്കുവാനുള്ള ആയുധമായി കരുതുന്നു. വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.